അടിയന്തരപ്രമേയം

സ്വർണ്ണക്കടത്ത് കേസ്

മി. സ്പീക്കർ: രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസ്സിലെ പ്രധാന പ്രതിയുടെ കൂട്ടാളിയും കേസ്സിലെ സാക്ഷിയുമായ വ്യക്തിയെ ചോദ്യം ചെയ്യാൻ കസ്റ്റംസ് നോട്ടീസ് നൽകി വിളിപ്പിച്ചതിനുപിന്നാലെ പ്രസ്തുത വ്യക്തി ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞതുവഴി കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 22.07.2021-ന് ഉച്ചയ്ക്ക് 2.25-ന് അഴീക്കോട് കപ്പക്കടവ് കെ. സി. ഹൗസിൽ റമീസ് കെ. സി. മൂന്ന്നിരത്ത് ഭാഗത്തുനിന്നും അഴീക്കൽ ഭാഗത്തേയ്ക്ക് ബൈക്കിൽ പോകവേ മുന്നിൽപോയ കാറിന്റെ പിന്നിൽ റമീസ് സഞ്ചരിച്ച ബൈക്ക് ഇടിച്ച് അപകടമുണ്ടായി. ഗുരുതരമായ പരിക്കുകൾ പറ്റിയ റമീസ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 22.07.2021-ന് രാത്രി 11.50-ഓടെ മരണപ്പെട്ടു.

ഇക്കാര്യത്തിൽ ടിയാന്റെ സഹോദരൻ റെജിനാസിന്റെ മൊഴിപ്രകാരം വളപട്ടണം പോലീസ് സ്റ്റേഷനിൽ IPC 279, 304A എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 450/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കേസ്സിൽ ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. മാത്രമല്ല, സാക്ഷികളുടെ മൊഴികളും രേഖപ്പെടുത്തിയിട്ടുണ്ട്. ശേഖരിച്ച സി.സി.ടി.വി. ദൃശ്യങ്ങളിൽ റമീസ് ഹെൽമെറ്റ് ധരിക്കാതെയാണ് ബൈക്കിൽ യാത്ര ചെയ്തിരുന്നതെന്ന് പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അഴീക്കൽ കപ്പക്കടവിൽ എത്തിയശേഷം വലതുവശത്തുള്ള തോണിയിൻ കടവ് റോഡിലേയ്ക്ക് പെട്ടെന്ന് തിരിഞ്ഞപ്പോഴാണ് റമീസിന്റെ വാഹനം കാറിന്റെ വലതുവശത്തിടിച്ച് അപകടമുണ്ടായതെന്നും വ്യക്തമായിട്ടുണ്ട്. റമീസിന്റെ മരണത്തിനിടയാക്കിയത് വാഹനാപകടത്തിൽ തലയ്ക്കും വാരിയെല്ലുകൾക്കുമേറ്റ ഗുരുതര പരിക്കാണെന്ന് മെഡിക്കൽ റിപ്പോർട്ടിൽ തെളിഞ്ഞിട്ടുണ്ട്. ബൈക്ക് കാറിനുപിന്നിലിടിച്ച് മരണപ്പെട്ട സംഭവമാണിതെന്നാണ് പോലീസ് റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നത്.

ഇവിടെ സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ

ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു വ്യക്തത ഇനിയും പ്രമേയാവതാരകന് ഉണ്ടായിട്ടില്ലെന്നാണ് തോന്നുന്നത്. അഥവാ ഉണ്ടായിട്ടും അങ്ങനെ നടിക്കുകയാണോ എന്നറിയില്ല. ഇതിൽ രണ്ടുകാര്യങ്ങളാണുള്ളത്. ഒന്നാമത്, സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്നുവെന്ന പ്രശ്നം. രണ്ടാമത്, അത് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലാണ് കസ്റ്റംസ് ഉൾപ്പെടുന്നത്. യൂണിയൻ ലിസ്റ്റിലെ ഇനം 83 പ്രകാരമാണ് കസ്റ്റംസ് ഡ്യൂട്ടി ചുമത്തപ്പെടുന്നത്. അതുകൊണ്ടുതന്നെ സ്വർണ്ണക്കള്ളക്കടത്ത് ഇല്ലാതാക്കുന്നതിന് കേന്ദ്ര സർക്കാരിനും അതിന്റെ ഏജൻസികൾക്കുമാണ് അധികാരം, സംസ്ഥാന സർക്കാരിനല്ല. കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കാതെ കൊണ്ടുവരുന്ന സാധനസാമഗ്രികളെ നിയന്ത്രിക്കാനുള്ള സമ്പൂർണ്ണ അധികാരവും അവകാശവും കേന്ദ്രസർക്കാരിനാണ്. അതുകൊണ്ട് സ്വർണ്ണക്കള്ളക്കടത്ത് തടയുന്ന കാര്യം കേന്ദ്രസർക്കാരിനാണ് ചെയ്യാൻ കഴിയുന്നത്. അതേസമയം ഇക്കാര്യത്തിൽ വരുന്ന വീഴ്ചയിലൂടെ കൊണ്ടുവരുന്ന കള്ളക്കടത്ത് സ്വർണ്ണം വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമസമാധാനപ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ക്രമസമാധാനപ്രശ്നം എന്ന നിലയിൽ ഇത്തരം കേസ്സുകളിൽ ശക്തമായ

നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ റമീസിന്റെ അപകടവുമായി ബന്ധപ്പെട്ട കാര്യത്തിലും അന്വേഷണം നടന്നുവരികയാണ്. മറ്റ് ചില രാഷ്ട്രീയ ആരോപണങ്ങൾ പ്രമേയാവതാരകൻ ഉന്നയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നേരത്തെതന്നെ സഭയിൽ മറുപടി നൽകിയിട്ടുള്ളതാണ്. വിഷയദാരിദ്ര്യംകൊണ്ട് ഇത്തരം കാര്യങ്ങൾ വീണ്ടും ആവർത്തിക്കുക മാത്രമാണ് പ്രമേയാവതാരകൻ ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു അടിയന്തര പ്രാധാന്യവുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇതിന് മുൻപുള്ള മൂന്ന് അടിയന്തരപ്രമേയത്തിനും ഒരേ വാചകത്തിൽ തന്നെയാണ് ഡിഫൻസ് ഒരുക്കിയത്. ഏറ്റവും അവസാനം, ഇതൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ വകയാണെന്നും ഞങ്ങൾക്ക് ഇതിലൊന്നും ചെയ്യാനില്ല എന്നുമാണ് അങ്ങ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഐ.ബി.-യാണ് എയർപോർട്ടിന്റെ കാര്യങ്ങൾ നോക്കുന്നതെന്നുള്ളത് അങ്ങേയ്ക്കും എല്ലാവർക്കുമറിയാം. ഐ.ബി.-യിലേയ്ക്ക് ആളുകളെ വിടുന്നത് കേരള പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നാണ്. ഐ.ബി.-യിലേയ്ക്ക് എത്ര ആളുകളെ വിടണമെന്ന് തീരുമാനിക്കുന്നതും അത് സ്ക്രീൻ ചെയ്യുന്നതും

നടപടിയെടുക്കുന്നതും അങ്ങയുടെ കീഴിലുള്ള പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽനിന്നാണ്. അത് അങ്ങേയ്ക്ക് പരിശോധിച്ചാൽ കൃത്യമായി മനസ്സിലാകും. രണ്ടാമത്തെ പ്രശ്നം, വളരെ കഷ്ടപ്പെട്ടാണ് ഈ കേസ്സിലെ ഏറ്റവും പ്രധാനപ്പെട്ട ആളുകളെ ഒഴിവാക്കി ഇവിടെ സംസാരിക്കുന്നതിന് അങ്ങ് ശ്രമിച്ചത്. സാധാരണഗതിയിൽ അങ്ങേയ്ക്ക് അങ്ങനെയൊരു ശ്രമം വരുന്നതല്ല, പക്ഷെ എങ്ങനെ സംഭവിച്ചുവെന്ന് എനിക്കറിയില്ല. ഇവിടെ അർജ്ജുൻ ആയങ്കിയെ ഒഴിവാക്കുന്നതിന് അങ്ങ് വല്ലാതെ കഷ്ടപ്പെട്ടു. എനിക്ക് ഒരു കാര്യം അങ്ങയെ ഓർമ്മിപ്പിക്കാനുണ്ട്. പുരയ്ക്കു മുകളിൽ മരം വളർന്നാൽ ആ മരം വെട്ടാനുള്ള മഴു എടുക്കാൻ അങ്ങ് തയ്യാറുണ്ടോ എന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. അങ്ങ് അത് ചെയ്തിരുന്നുവെങ്കിൽ ഈ കേരളം രക്ഷപ്പെട്ടുമായിരുന്നു. കുറേയധികം ഗുണ്ടകളെയും അതുപോലെ നമ്മുടെ സംസ്ഥാനം തകർക്കുന്ന ഒരു പറ്റം ആളുകളെയും നമുക്ക് കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു. അങ്ങ് പറഞ്ഞ കാര്യം ഞങ്ങൾക്ക് ബോദ്ധ്യപ്പെടുന്നില്ലായെന്നുള്ളത് പോകട്ടെ, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി സന്തോഷ് കുമാർ ജനയുഗം പത്രത്തിൽ പേരുവച്ച് ഒരു ലേഖനം എഴുതിയിട്ടുണ്ട്. ചെഗുവേരയുടെ ചിത്രം

കയ്യിലും നെഞ്ചിലും പച്ചകുത്തിയും ചെങ്കൊടി പിടിച്ച് സെൽഫിയെടുത്തും രാഷ്ട്രീയ എതിരാളികളെ വെട്ടിനുറുക്കിയും അല്ല കമ്മ്യൂണിസ്റ്റാകേണ്ടതെന്ന സന്തോഷ് കുമാറിന്റെ ഉപദേശമെങ്കിലും ദയവായി പരിശോധിക്കണമെന്ന് ഞാൻ പറയുകയാണ്. ഇത് ഞങ്ങളുടെ രാഷ്ട്രീയമായിട്ടുള്ള വിമർശനമല്ലല്ലോ. അങ്ങയുടെ പാർട്ടി ഇതുവരെ നിഷേധിക്കാത്ത ചില കാര്യങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളെ എന്തിനാണ് ആക്ഷേപിക്കുന്നത്; വിഷയ ദാരിദ്ര്യമാണെന്ന് പറയുന്നത് എന്തിനാണ്? ദാരിദ്ര്യം എവിടെ എന്നുള്ളതിനെക്കുറിച്ച് ഞാൻ പറയാം.

ഇവിടെ ഡി.വൈ.എഫ്.ഐ.-യുടെ ചെമ്പിലോട് മേഖലാ സെക്രട്ടറി സജേഷ് ആയിരുന്നു അർജ്ജുൻ ആയങ്കിക്ക് പോകാനുള്ള വാഹനം ഒരുക്കിക്കൊടുത്തത്. അങ്ങ് പരിശോധിച്ചുനോക്കൂ, അങ്ങേയ്ക്ക് വിഷമമുണ്ടെന്ന് എനിക്കറിയാം. അങ്ങ് എന്റെ അടുത്ത സുഹൃത്തായതുകൊണ്ട് ഞാൻ അങ്ങയെ വിമർശിക്കുന്നില്ല. അങ്ങ് സ്വസ്ഥമായി അവിടെ ഇരുന്നോളൂ. ഷുഹൈബ് വധക്കേസിലെ പ്രതിയായ ആകാശ് തില്ലങ്കേരിക്കും ഇതിനകത്ത് പങ്കാളിത്തമുണ്ടെന്നുള്ളത് ഇവർ കൊടുത്തിട്ടുള്ള മൊഴിക്കകത്തുണ്ടെന്നുള്ള സത്യം അങ്ങേയ്ക്ക് അറിയില്ലേ? ഇവിടെ അന്വേഷണം

നടത്തിക്കൊണ്ടിരിക്കുന്നത് കസ്റ്റംസാണെന്നുള്ളതുകൊണ്ട്, കസ്റ്റംസ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലാണ് അതുകൊണ്ട് ഞങ്ങൾ ഇതിലൊന്നും തൊടില്ലായെന്നുള്ള നിലപാട് എടുക്കുന്നത് ശരിയാണോ? Law of the land ആരുടെ കയ്യിലാണ്; ഈ സംസ്ഥാനത്തിന്റെ നിയമ സമാധാനത്തിന്റെ കസ്റ്റോഡിയൻ മുഖ്യമന്ത്രിയല്ലേ; കസ്റ്റോഡിയനായ ആ മുഖ്യമന്ത്രി തന്നെ ഇവിടെ ഒരു ഭാഗത്തുനടക്കുന്ന അക്രമപ്രവർത്തനങ്ങളിൽ എനിക്ക് പങ്കില്ലെന്നും ഉത്തരവാദിത്വമില്ലെന്നും പറഞ്ഞ് ഭരണഘടനയുടെ 7-ാം ഷെഡ്യൂളാണ് അങ്ങ് ഉദ്ധരിച്ചതെന്ന് ഓർക്കണം. അപ്പോൾ നിയമ സമാധാനം ആരാണ് സംസ്ഥാനത്ത് നോക്കേണ്ടത്; അത് നോക്കാനുള്ള ഉത്തരവാദിത്തമെല്ലാം അങ്ങേയ്ക്കാണ് എന്നുള്ളത് ആർക്കാണ് അറിയാത്തത്? ഇവിടെ നേരത്തെ പറഞ്ഞ ഈ ആളുകളുടെ കുറേയധികം നടപടികളുണ്ട്. ആ നടപടി പിശകുകളെക്കുറിച്ച് നമുക്ക് ആലോചിക്കാതിരിക്കാൻ കഴിയുമോ? ഇവിടെ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് വരുന്നത്. ഒന്ന്, വിമാനത്തിൽ സർണ്ണം കൊണ്ടുവരുന്നു. രണ്ട്, വിമാനത്തിൽനിന്നും ഇറക്കിക്കൊണ്ടുവരുന്ന സ്വർണ്ണം തട്ടിയെടുക്കുന്നതിനുവേണ്ടി ഒരുകൂട്ടം ഗുണ്ടകൾ നിൽക്കുന്നു. മൂന്ന്, ആ

ുണ്ടകളെ വെട്ടിച്ച് വീണ്ടും ആ സ്വർണ്ണം കൈക്കലാക്കുന്നതിന് ശ്രമം നടക്കുന്നു. ഈ ഒന്നും രണ്ടും മൂന്നും ക്രൈമുകളിൽ കേരള ഗവൺമെന്റിന്റെ കീഴിൽ വരുന്നത് ഏത് ക്രൈമാണെന്ന് അങ്ങ് പരിശോധിച്ചാൽമതി. വിമാനത്തിൽ വരുന്നതിനെ, അത് ആകാശത്തുള്ളതാണെന്ന് അങ്ങ് പറഞ്ഞു. സ്വർണ്ണം വിമാനത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി അർജ്ജുൻ ആയങ്കിക്ക് കുരുവികൾ എന്നറിയപ്പെടുന്ന 50 അംഗ സംഘമുണ്ടെന്നതും അതുമുഴുവൻ കണ്ണൂരാണെന്നുള്ളതും അങ്ങേയ്ക്കറിയില്ലേ? ഇവിടെ സ്വർണ്ണം കടത്താൻ അർജ്ജുൻ ആയങ്കിക്കുണ്ടായിരുന്നത് 50 അംഗ യുവാക്കളുടെ കുരുവിസംഘമാണ്. കുരുവികളെ ഒരു തവണമാത്രമാണ് സ്വർണ്ണം കടത്താൻ ഉപയോഗിക്കുന്നത്. വിദേശത്തുനിന്നുംവരുന്ന സ്വർണ്ണം എത്തിക്കുന്നത് ഈ കുരുവി സംഘമാണ്. ഇവർ തമിഴ്നാട്ടിൽനിന്നും വന്നവരല്ലല്ലോ; ഇവർ കേരളത്തിൽനിന്നുള്ളവരല്ലേ; ഇവർ എവിടെയൊക്കെ പോകുന്നു, എന്തൊക്കെ ചെയ്യുന്നു എന്നതിനെക്കുറിച്ച് പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ വിപുലമായ ഒരു ഇന്റലിജൻസ് വിഭാഗം നമുക്കുണ്ടല്ലോ; കുരുവിയെക്കുറിച്ച് ഒരിക്കലെങ്കിലും അങ്ങേയ്ക്ക് പരിശോധിക്കാൻ കഴിഞ്ഞോ? ഇവർ കാർ മോഷ്ടിക്കുന്നു, അത് ഒളിപ്പിച്ചുവയ്ക്കുന്നു, അവരുടെ ഇഷ്ടപ്രകാരമുള്ള

കാര്യങ്ങൾ ചെയ്യുന്ന, ഇതാണ് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഡി.വൈ.എഫ്.ഐ. ചെമ്പിലോട് മേഖലാ സെക്രട്ടറി സജേഷ്, അർജ്ജുൻ ആയങ്കിക്ക് വാഹനംകൊടുത്തു എന്നല്ലേ അവർ പറഞ്ഞിട്ടുള്ളത്; അർജ്ജുൻ ആയങ്കിയുടെ ഒരു പോസ്റ്റ് വന്നിട്ടുണ്ട്. അത് അങ്ങ് പരിശോധിക്കണം. ഒറ്റുകാരനാക്കാൻ അംഗീകരിക്കില്ല, എല്ലാം തുറന്നുപറയേണ്ടിവരും എന്ന് അർജ്ജുൻ ആയങ്കി ഭീഷണിപ്പെടുത്തിയതോടുകൂടി എന്റെ മുമ്പിൽ ബഹളമുണ്ടാക്കാൻ ശ്രമിക്കുന്ന സഹോദരന്മാർ ഒരക്ഷരം പിന്നീട് മിണ്ടിയിട്ടില്ല. അവരുടെ വായിൽ നാവുണ്ടോയെന്ന് പരിശോധിക്കേണ്ടിവരും. ഇതുപോലുള്ള വിഷയങ്ങളിൽ ഗവൺമെന്റ് എന്തുചെയ്യുന്നുവെന്ന് ചോദിക്കണ്ടേ? 7-ാം ഷെഡ്യൂൾ അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽവരുന്ന മറ്റ് ഷെഡ്യൂളുകളിലെ കാര്യംകൂടി അങ്ങ് പരിശോധിക്കണ്ടേ? വിമാനത്താവളത്തിന്റെ പരിസരത്ത് ഗുണ്ടാസംഘങ്ങൾ ഒരുവർഷത്തിനിടെ ഇരുപതിലേറെ അക്രമങ്ങൾ നടത്തിയെന്നത് ഏത് ഏഴാം ഷെഡ്യൂളിൽപ്പെട്ടതാണ്; ഇത് കേരള ഗവൺമെന്റ് ചെയ്യേണ്ടതല്ലേ? പോലീസല്ലേ കാര്യങ്ങൾ നോക്കേണ്ടത്; സംസ്ഥാനത്തെ നിയമസമാധാനം

തകർന്ന് തരിപ്പണമാകുന്നതിന്റെ സൂചനയല്ലേ കാണുന്നത്. ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റിന് ഒന്നും പറയാനില്ലേ? വ്യക്തതയില്ലാത്ത കാര്യങ്ങളാണ് ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് അങ്ങ് പറഞ്ഞു, ഡിഫൻസിനുവേണ്ടിയാണ് അങ്ങ് ഇതുപറഞ്ഞത്. ഡിഫൻസിനുവേണ്ടി കേരള മുഖ്യമന്ത്രി ഇപ്രകാരം പറയരുതെന്നൊന്നും ഞാൻ പറയുന്നില്ല. ഇവിടെ ഒരു ശബ്ദരേഖ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അത് അങ്ങ് കേട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ പോലീസുകാരിത് കേട്ടിട്ടുണ്ടാകും. സംഘാംഗങ്ങളുടെ ആ ശബ്ദരേഖയിൽ എയർപോർട്ടിലെത്താൻ എന്ത് ചെയ്യണമെന്ന് നിർദ്ദേശിക്കുകയാണ്. ഏഴാം ഷെഡ്യൂളിന്റെ പരിധിയിൽ അവർക്ക് ഡിഫൻസുള്ള കാര്യമാണോ? എങ്ങനെ എയർപോർട്ടിലെത്തണം എന്നതിനെക്കുറിച്ച് അവർ പറയുകയാണ് - നസീറിനെ വിളിക്കും, സാധനം എന്നുപറയും. അപ്പോൾ "അ" എന്നുപറയണം. അതാണ് അവർക്കുള്ള കോഡ്. ആരുവിളിച്ചാലും "അ" എന്നുമാത്രം പറഞ്ഞാൽ മതി. വായ് തുറന്നാൽ കാര്യങ്ങൾ പുറത്തുപോയാലോ, അതുകൊണ്ട് "അ" എന്നുമാത്രം പറയും. എയർപോർട്ടിൽ എത്തിയാൽ ഫസലിനെ മാത്രമേ വിളിക്കാവൂ. ഇത് ഏഴാം

ഷെഡ്യൂളിൽപെട്ടതാണോ? ഇതുപറഞ്ഞാലേ സാധനം നമ്മുടെ കയ്യിലേയ്ക്ക് വരികയുള്ളൂ. എന്താണ് സാധനം, പച്ചക്കറിയാണോ; മുരിങ്ങയ്ക്കായോ; തോരൻ വയ്ക്കാനുള്ള സാധനമോ, കേരള ഗവൺമെന്റ് കൊടുത്ത കിറ്റിലെ സാധനമോ ആണോ? അല്ല, സ്വർണ്ണമാണ്. എങ്കിൽ മാത്രമേ സാധനം കയ്യിൽ കിട്ടുകയുള്ളൂ. വേറെ റിസ്കൊന്നുമില്ല. ഇതുപോലൊരു വാട്സ്ആപ് സന്ദേശം കള്ളക്കടത്ത് സംഘത്തിന് കൊടുത്ത് കാര്യങ്ങൾ ചെയ്യാൻ എങ്ങനെ ധൈര്യം വന്നുവെന്ന് അങ്ങ് പറയണ്ടേ? ഈ കൊള്ള മാത്രമല്ലല്ലോ, സ്വർണ്ണക്കടത്ത്, ബാങ്ക്കൊള്ള, വനംകൊള്ള, സ്ത്രീപീഡനം, സ്ത്രീധന പീഡനം, ബലാത്സംഗം, പോക്സോ, കൊലപാതകം തുടങ്ങി എല്ലാ ക്രിമിനൽ കുറ്റവാളികളും നമ്മുടെ നാട്ടിൽ വട്ടംകറങ്ങുകയല്ലേ? അവരെല്ലാം ചെയ്യുന്ന പ്രവർത്തനം നിയമസഭയിൽ ഒരു ദിവസം മുഴുവൻ ചർച്ചചെയ്താലും അവസാനിക്കില്ല. നമ്മുടെ നാട്ടിൽ ഇത്തരത്തിലുള്ള അക്രമം അവസാനിപ്പിക്കുന്നതിനുവേണ്ട നടപടിയുണ്ടാകണ്ടേ? സ്വർണ്ണ കള്ളക്കടത്തിനെതിരെ എൻ.ഐ.എ.-യുടെ അന്വേഷണം ആദ്യംവന്നു. പക്ഷേ അങ്ങ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ടതിനുശേഷമാണ് എൻ.ഐ.എ. കൂട്ടിൽകയറിയതെന്ന സംസാരം കേരളത്തിലുണ്ട്. ഞാൻ

ആക്ഷേപമായി പറയുന്നതല്ല, ഇനിയും തെളിവുവരാനുണ്ട്. ഇത്തരത്തിൽ നമ്മുടെ നാട്ടിൽ സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്നത് ശരിയാണോ? ഏറ്റവും ഒടുവിൽ അർജ്ജുൻ ആയങ്കിയുടെ സുഹൃത്ത് റമീസ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടു. അതും ഏഴാം ഷെഡ്യൂളിൽപ്പെട്ടതാണോ; അത് ഏത് പട്ടികയിൽപ്പെട്ടതാണ്; റമീസ് മരിച്ചതെങ്ങനെ? ചോദ്യം ചെയ്യുന്നതിനും തെളിവെടുക്കുന്നതിനുംവേണ്ടി റമീസിനെ കസ്റ്റംസ് വിളിച്ചു. ആ തെളിവ് പുറത്തുവരാതിരിക്കുന്നതിന് റമീസിനെ കൊന്നു, ആ കൊലപാതകത്തെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ? അപ്പോഴും ഏഴാം ഷെഡ്യൂൾ............

<u>മി. സ്പീക്കർ</u>: ....യെസ്........... പത്ത് മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: നമ്മുടെ നാട്ടിലെ കൊള്ളയും കൊള്ളിവയ്പ്പും അവസാനിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇവിടെ ആകാശ് തില്ലങ്കേരികൾക്കും അർജ്ജുൻ ആയങ്കിമാർക്കുംവേണ്ടി കേരളം തുറന്നുകൊടുത്താൽ നാളെ ലഭിക്കാൻ പോകുന്ന പ്രതിഫലം ചെറുതായിരിക്കില്ലെന്നാണ് എനിക്ക് അങ്ങയെ ഓർമ്മിപ്പിക്കാനുള്ളത്. ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചുവെന്നുള്ളതുകൊണ്ട് അങ്ങയുടെ നാവിലെ

എല്ലാവാക്കും കേൾക്കാൻ ഞാൻ ബാധ്യസ്ഥനാണ് എന്നെനിക്ക് അറിയാം. പക്ഷേ ഇവിടെയുള്ള പ്രധാന വിഷയം കള്ളക്കടത്ത് അവസാനിപ്പിക്കുന്നതിനുവേണ്ടി അങ്ങയുടെ നേതൃത്വത്തിലുള്ള പോലീസും ഗവൺമെന്റും എന്ത് നടപടി സ്വീകരിച്ചു? ഇവിടെ കള്ളക്കടത്തിന്റെ റേറ്റിംഗ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് അങ്ങ് പരിശോധിക്കണം. പോലീസ് ഹെഡ്കോർട്ടേഴ്സിൽ ഇരിക്കുന്നതെല്ലാം രഹസ്യമാണെന്ന് തെറ്റിദ്ധരിക്കണ്ട. എല്ലാ രഹസ്യവും അറിയാവുന്ന കുറച്ചുപേരെങ്കിലും ഈ സഭയിലുമുണ്ടാകുമെന്ന് അങ്ങ് ധരിച്ചാൽമതി. അതുകൊണ്ടുതന്നെ ഒരു കള്ളക്കഥ പറയാതെ നമ്മുടെ നാട്ടിലെ നിയമസമാധാനം പാലിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ഇവിടെ കുത്തൊഴുക്കാണ്. ഇരുന്നൂറ്റി ചില്വാനം കിലോ സ്വർണ്ണം വളരെ ചെറിയ കാലത്തിനുള്ളിൽ കേരളത്തിൽ വന്നിട്ടും നമ്മുടെ നിയമസമാധാനത്തിന്റെ കസ്റ്റോഡിയനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ഞങ്ങൾക്ക് അതിൽ പങ്കില്ല, അത് കേന്ദ്രമാണ് നോക്കുന്നത്, അതെല്ലാം കേന്ദ്രത്തിലേയ്ക്ക് പോകട്ടെയെന്നാണ്.

മി. സ്പീക്കർ: അങ്ങ് വിഷയം അവതരിപ്പിച്ചുകഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റമീസിന്റേത്

കൊലപാതകമാണോയെന്നുള്ളത് പരിശോധിച്ചോ; ജയിലിലിരുന്നുകൊണ്ട് ചിലയാളുകൾ ഈ സംഘത്തെ നയിക്കുന്നുണ്ടല്ലോ? ഈ അന്വേഷണം പൂർത്തിയാകുന്നതുവരെ ജയിലിരിക്കുന്ന ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ മറ്റൊരു സംസ്ഥാനത്തേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. എങ്കിൽമാത്രമേ ഇവിടെ സമാധാനപരമായി അന്വേഷണം നടക്കുകയുള്ളൂ, ജനങ്ങൾക്ക് ആശ്വാസമുണ്ടാകുകയുള്ളൂ, നിയമസമാധാനം വഴിതെറ്റാതിരിക്കുന്നതിന് നടപടിയെടുത്തേ മതിയാകൂ. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണന് എന്താണ് സംഭവിച്ചതെന്നാണ് ഞാനിവിടെയിരുന്ന് ആലോചിച്ചത്. വളരെ പ്രധാനപ്പെട്ടൊരു കാര്യം അദ്ദേഹം ഇവിടെ വെളിപ്പെടുത്തുകയുണ്ടായി. പി.എച്ച്.ക്യൂ-വിൽ ഉള്ള രഹസ്യങ്ങളൊന്നും രഹസ്യങ്ങളല്ല, ആ രഹസ്യങ്ങളെല്ലാം അറിയാവുന്ന ചിലർ ഈ സഭയിൽത്തന്നെയുണ്ട്, ഞങ്ങളിൽ ചിലർ എന്നാണ് അദ്ദേഹം പറഞ്ഞത്. അത് കുറച്ച് കടന്ന സംസാരമാണ്. നേരത്തെ ആഭ്യന്തര വകുപ്പ് കൈകാര്യം

ചെയ്ത ചിലർ അപ്പുറത്തിരിക്കുന്നുണ്ട്. അന്നത്തെ ചില ബന്ധങ്ങളൊക്കെ വച്ച് ചില വിവരങ്ങൾ ശേഖരിക്കുന്നുണ്ട് എന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം. അത് മുഴുവൻ യഥാർത്ഥ വിവരങ്ങൾ തന്നെയാണോ എന്ന് പരിശോധിക്കണം. നിങ്ങൾക്ക് കിട്ടുന്ന ചില കാര്യങ്ങൾ യഥാർത്ഥത്തിൽ ഇല്ലാത്ത വിവരങ്ങളാണോ എന്നത് ഉറപ്പുവരുത്തുന്നത് നല്ലതാണ്. പല താൽപ്പര്യങ്ങളും ഉണ്ടാകുമല്ലോ. ഏതായാലും ഔദ്യോഗിക രഹസ്യങ്ങൾ ചോർത്തുന്നതിനുവേണ്ടി ശ്രമിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. അത് കുറച്ച് കടന്ന നടപടിയാണ്. അങ്ങനെയൊരു നില എടുത്തുപോകുന്നത് പൊതുവെ ഗുണകരമല്ല എന്നാണ് പറയാനുള്ളത്.

സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വം, കസ്റ്റംസിനുള്ള അധികാരങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതാണ്. അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. എന്തോ മഹാഅപരാധമാണ് ഞാൻ പറഞ്ഞതെന്ന മട്ടിലാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അബദ്ധമാണ് എന്ന് സ്വയം അറിഞ്ഞുകൊണ്ടുതന്നെ വളരെ ശക്തമായി കാര്യങ്ങൾ പറയും, അതാണ് അദ്ദേഹത്തിന്റെ ഒരു ഗുണം.

അതൊരു പ്രത്യേക ഗുണമാണ്.

ഇവിടെ രണ്ട് വാചകമാണ് ഞാൻ പറയുന്നത്. "വിമാനത്താവളങ്ങളുടെ നിയന്ത്രണം സംസ്ഥാന പോലീസിനല്ല. സ്വർണ്ണക്കള്ളക്കടത്ത് തടയുന്നതിനായി നിതാന്ത ജാഗ്രത പുലർത്തുന്നതായി കസ്റ്റംസ് അധികൃതർ അറിയിച്ചിട്ടുണ്ട്." ഇത് ഞാനിപ്പോൾ പറയുന്നതല്ല. 2014 ജനുവരി 6-ന് അന്ന് നിയമസഭയിൽ അംഗമായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ചോദിച്ച ചോദ്യത്തിന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ മറുപടിയിലെ രണ്ട് വാചകമാണ് ഞാൻ പറഞ്ഞത്. ഇതിന്റെ മറ്റൊരു രൂപമാണ് കുറച്ചുകൂടി വാചകങ്ങളിൽ ഞാൻ നേരത്തെ പറഞ്ഞത്. അതിന് അദ്ദേഹം പറയുന്നത്, എയർപോർട്ടുകളുടെ ചുമതല ഐ.ബി.-ക്ക് ആണ്, അതിൽ പി.എച്ച്.ക്യൂ-വിൽനിന്നും പോകുന്ന ആളുകളാണുള്ളത് എന്നാണ്. അതാണ് ഞാൻ പറഞ്ഞത്, അദ്ദേഹത്തിന് ഇക്കാര്യങ്ങളൊന്നും അറിയാത്തതുകൊണ്ടല്ല, അറിയാത്ത ഒരാളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെന്ന് ഞാൻ ഒരിക്കലും പറയില്ല. അറിഞ്ഞുകൊണ്ട് തെറ്റായ കാര്യങ്ങൾ അവതരിപ്പിക്കുകയാണ്. പോലീസിൽനിന്ന് വിമാനത്താവളത്തിലേയ്ക്ക് പോകുന്ന ആളുകൾക്ക് എത്രത്തോളം കാര്യങ്ങൾ

നിർവ്വഹിക്കാൻ കഴിയുമെന്നത് അടുത്തിരിക്കുന്ന നിങ്ങൾ രണ്ടുപേരും തമ്മിൽ ചർച്ച ചെയ്താൽതന്നെ നിങ്ങൾ പറഞ്ഞതല്ലാ ശരിയെന്ന് വ്യക്തമാകും. അത് തീർത്തും വസ്തുതാവിരുദ്ധമായൊരു കാര്യമാണ്. പോലീസിൽനിന്നും പോകുന്നവർക്ക് കസ്റ്റംസ് അധികാരമില്ല. അവർക്ക് അവിടെ സഹായികൾ എന്ന നില മാത്രമല്ലേയുള്ളൂ; യഥാർത്ഥത്തിൽ വിമാനത്താവളങ്ങളുടെ കാര്യങ്ങൾ സി.ഐ.എസ്.എഫ്. അല്ലേ നോക്കുന്നത്. സി.ഐ.എസ്.എഫ്.-ൽ പോലീസിൽനിന്നുള്ള ആളുകളില്ല. കസ്റ്റംസ് പ്രത്യേകമായാണ് പ്രവർത്തിക്കുന്നത്. അതൊന്നും അറിയാത്ത ആളല്ല ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. പക്ഷേ ആശയക്കുഴപ്പം സൃഷ്ടിക്കാൻവേണ്ടി ഇവിടെനിന്ന് പോകുന്ന പോലീസാണ് കാര്യങ്ങൾ നീക്കുന്നതെന്ന് പറയുകയാണ്.

ഇവിടെ നാം കാണേണ്ട കാര്യം, കുറ്റവാളികൾ... അവർ പുരയ്ക്കുമേലെ വളർന്നതോ അതല്ല ചെറുതോ എന്നതൊന്നും പ്രശ്നമല്ല. കുറ്റം ചെയ്തിട്ടുണ്ടോ, ആ കുറ്റവാളികളെ കുറ്റവാളികളായി മാത്രമേ കാണൂ. അവർക്കുനേരെ കർക്കശമായ നടപടിയുണ്ടാകും. ഇക്കാര്യത്തിൽ പോലീസ് എല്ലാ കാര്യങ്ങളും നിർവ്വഹിച്ചില്ലേ; ഇപ്പോൾ രണ്ടുമൂന്ന് ആളുകളുടെ പേരുകൾ

ഇവിടെ പറഞ്ഞു. ആ പേരുകൾ ആരാണ് കണ്ടെത്തിയത്; പോലീസിന്റെ അന്വേഷണത്തിന്റെ ഭാഗമായല്ലേ അവരെ കണ്ടെത്തിയത്; അവർ പുരയ്ക്ക് മേലെ വളർന്നു എന്നതുകൊണ്ട് അവരെ കാണാതിരുന്നോ? ഒന്നിന്റെയും മേലെ ആരും വളരില്ല എന്ന് നമ്മൾ മനസ്സിലാക്കണം. കുറ്റവാളികളാണെങ്കിൽ കുറ്റവാളികൾ എന്ന നിലയ്ക്കുതന്നെ കൈകാര്യം ചെയ്യും.

ഇവിടെ സംസ്ഥാന സർക്കാരിന് എങ്ങനെയാണ് ഉത്തരവാദിത്വം വരുന്നത്? ക്രമസമാധാന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാകുമ്പോൾ സംസ്ഥാന സർക്കാർ നടപടിയെടുക്കുകതന്നെ ചെയ്യും. സ്വർണ്ണക്കള്ളക്കടത്തും കടത്തിക്കൊണ്ടുവന്ന സ്വർണ്ണം ഇവിടെ കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുണ്ടാകുന്ന ക്രമസമാധാന പ്രശ്നവുമെന്ന രണ്ട് ഭാഗമാണ് ഇതിലുള്ളത്. ആ ക്രമസമാധാന പ്രശ്നത്തിൽ സർക്കാർ സ്വാഭാവികമായും ഇടപെട്ടിട്ടുണ്ട്. ഇപ്പോൾ ഇടപെട്ടിട്ടില്ലെന്ന് ആർക്കും പറയാൻ കഴിയില്ല. കർക്കശമായ നടപടികളാണ് അക്കാര്യത്തിൽ എടുത്തിട്ടുള്ളത്. വേട്ട സംഘവും കുരുവി സംഘവും എന്നതൊന്നും ഞങ്ങളുടെ മുന്നിൽ പ്രശ്നമല്ല. ഏത് സംഘമായാലും നിയമവിരുദ്ധ പ്രവർത്തനമാണ്

നടത്തുന്നതെങ്കിൽ ആ നിലയ്ക്ക് തന്നെയുള്ള സമീപനം അവരോട് സ്വീകരിക്കും. കുരുവി സാധാരണ നിരുപ്രദവകാരിയായൊരു ജീവിയാണല്ലോ. കുരുവി എന്ന് പേരിട്ടതുകൊണ്ട് നിരുപദ്രവകാരിയാണ് എന്ന് സർക്കാർ കാണില്ല. ആ പേരിന്റെ പിന്നാലെ പോകാൻ തയ്യാറാകുകയുമില്ല. കുറ്റവാളികളെ കുറ്റവാളികളായിത്തന്നെ കണ്ടുകൊണ്ട് നടപടിയെടുക്കും.

ഏതോ ഒരു പ്രതി എല്ലാം തുറന്ന് പറയേണ്ടിവരുമെന്ന് പറഞ്ഞു എന്നാണ് പറയുന്നത്. ആരെ ഭയപ്പെടുത്താനാണത്; ആ പ്രതി ഇപ്പോൾ പോലീസ് നടപടിയുടെ ഭാഗമായി നിൽക്കുകയാണ്. എന്താണിപ്പോൾ തുറന്നുപറഞ്ഞത്; അതൊന്നും ഞങ്ങളെ ബാധിക്കുന്ന കാര്യമല്ല. തെറ്റ് ചെയ്താൽ നടപടി ഉറപ്പാണ്. വിമാനത്താവളത്തിനടുത്ത് സംഭവങ്ങൾ ഉണ്ടായെങ്കിൽ അതിൽ കർക്കശ നടപടിയുമെടുക്കും. ഒരു സംഭവത്തേയും കണ്ടില്ലെന്ന് നടിക്കുന്ന നിലപാട് കേരള പോലീസ് സ്വീകരിക്കുന്നില്ല.

അദ്ദേഹം ശബ്ദരേഖയുടെ കാര്യം പറഞ്ഞു. ഈ കുറ്റവാളികൾ തമ്മിൽ ചില കാര്യങ്ങൾ സംസാരിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് എനിക്കറിയില്ല. അത്തരം കാര്യങ്ങൾ പോലീസ് ഗൗരവമായിത്തന്നെ നിരീക്ഷിക്കും.

ആവശ്യമായ ജാഗ്രതയോടുകൂടി നടപടികളെടുക്കാനുള്ള ശേഷി സംസ്ഥാന പോലീസിനുണ്ട്. റമീസ് മരണപ്പെട്ടതിനെക്കുറിച്ച് ഞങ്ങൾക്ക് കിട്ടിയ വിവരം ഞാൻ പറയുകയുണ്ടായി. പോലീസ് റിപ്പോർട്ട് ഇപ്രകാരമാണ്, ഒരു കാർ മുന്നിൽ പോകുന്നു. അതിന്റെ പിന്നിലായി ബൈക്കിൽ റമീസ് വരുന്നു. കിട്ടിയ റിപ്പോർട്ടനുസരിച്ച് ആ കാർ വലതുവശത്തേയ്ക്ക് തിരിയുന്നു. ഈ ബൈക്ക് വന്ന് ഇതിന്റെ വലതുസൈഡിൽ ഇടിക്കുന്നു. ആ അപകടത്തിലാണ് ആശുപത്രിയിൽവച്ച് റമീസ് മരണപ്പെടുന്നത്. സാധാരണഗതിയിൽ ഈ വാഹനത്തെ കൊണ്ടുപോയി ഇടിക്കുന്ന നിലയല്ല ഉണ്ടായിട്ടുള്ളത്. പിന്നിൽനിന്ന് മറ്റൊരു വാഹനത്തെ ഇടിച്ചുണ്ടായ അപകടത്തിൽ റമീസ് മരണപ്പെടുകയാണുണ്ടായത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഉത്തരവാദിത്തപ്പെട്ട ഒരാൾ... അദ്ദേഹം അത് ചിലപ്പോൾ മറന്നുപോകുകയാണ്. അദ്ദേഹത്തിന്റെ ആ ഉത്തരവാദിത്വനില അദ്ദേഹം ചില ഘട്ടത്തിൽ, ഇങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കാൻ പുറപ്പെടുമ്പോൾ മറന്നുപോകും. അത് മറക്കരുത് എന്നാണ് അദ്ദേഹത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഏതോ തെളിവ് പുറത്തുവരാതിരിക്കാൻ അയാളെ കൊന്നുകളഞ്ഞതാണ് എന്നുവരെ അദ്ദേഹം പറയുകയാണ്. എത്ര

പരിഹാസ്യമാണത്. ഇത്തരമൊരു കാര്യത്തിൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഒരാൾ നിയമസഭപോലെയുള്ള ഒരു വേദിയിൽ അങ്ങനെ പറയാമോ? അതിന്റെ സാഹചര്യം, പശ്ചാത്തലം എല്ലാം പരിശോധിച്ചാൽ അങ്ങനെ പറയാൻ കഴിയുമോ? അതുകൊണ്ട് ചിലരുടെ മോഹത്തിന് ബലം കൊടുക്കുന്ന രീതിയിലുള്ള സംസാരങ്ങൾ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെപോലെയുള്ളവരുടെ ഭാഗത്തുനിന്നും ഉണ്ടാകരുത്. നമ്മുടെ സംസ്ഥാനത്തെ ജയിലിലുള്ള ചില ആളുകളെ മറ്റ് ചില സംസ്ഥാനത്തെ (എല്ലാ സംസ്ഥാനവുമില്ല) ഒരു പ്രത്യേക സംസ്ഥാനത്തെ ജയിലിൽ കൊണ്ടുപോയാലോ എന്ന ആലോചന നേരത്തെ ചില കേന്ദ്രങ്ങളിൽ ഉണ്ടായെന്ന് കേട്ടിട്ടുണ്ട്. അത് ശിക്ഷിക്കപ്പെട്ടവരെയല്ല, സാധാരണഗതിയിൽ ചില കേസ്സിന്റെ ഭാഗമായി റിമാന്റ് തടവുകാരായി കഴിയുന്നവരെയാണ്. നമ്മുടെ ജയിലിൽ നിന്ന് ആളുകളെ മറ്റ് സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് അയയ്ക്കണമെന്ന വാദം ഉയർത്തുന്നത് മറ്റ് ചില ശക്തികൾക്ക് ബലം നൽകുകയാണ് ചെയ്യുന്നത്. എല്ലാ തടവുകാരും സാധാരണഗതിയിലുള്ള നിയമം അനുസരിച്ച് ജീവിക്കാൻ ബാധ്യതപ്പെട്ട ഇടങ്ങളാണ് ജയിലുകൾ. ഒരുഘട്ടത്തിൽ ജയിലുമായി ബന്ധപ്പെട്ട് ചില

വാർത്തകൾ പ്രത്യക്ഷപ്പെട്ടപ്പോൾ കൂടുതൽ കർക്കശമായ നിലയിൽ ജയിലിന്റെ കാര്യങ്ങൾ നീങ്ങണമെന്ന ധാരണവച്ചുതന്നെ ഡി.ജി.പി.മാരിൽ സീനിയറായ ശ്രീ. ഋഷിരാജ് സിംഗിനെ ജയിൽ ഡി.ജി.പി. ആയി നിശ്ചയിച്ചു. അദ്ദേഹം ഇടവിട്ട സമയങ്ങളിൽ ജയിലുകൾ സന്ദർശിക്കാറുണ്ട്. മാത്രമല്ല തടവുകാർക്കുൾപ്പെടെ വിളിക്കുന്നതിനായി എല്ലാ ജയിലുകളിലും സെല്ലുകളിലടക്കം അദ്ദേഹത്തിന്റെ മൊബൈൽ നമ്പർ എഴുതിവച്ചിട്ടുമുണ്ട്. ഇപ്പോൾ ജയിലിൽ ഫോൺ വിളിക്കാൻ സൗകര്യമുണ്ടെന്ന് എല്ലാപേർക്കും അറിയാമല്ലോ. കർക്കശമായ രീതിയിൽ നിയമനടപടികൾ സ്വീകരിക്കുന്ന ജാഗ്രതയാണ് അവിടെ കാണുന്നത്. ജയിലിൽ ജയിലിന്റേതായ ചില പ്രത്യേകതകൾ എല്ലാ കാലത്തും ഉണ്ടാകാറുണ്ട്. അത് പൊതുനിലയ്ക്ക് ദൗർബല്യമുണ്ടാകുന്ന വിധത്തിലാകാൻ പാടില്ലെന്നുള്ളതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പാലിക്കുന്നതിനായുള്ള ഇടപെടൽ ജയിൽ ഡി.ജി.പി.യുടെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടായിട്ടുണ്ട്. അതിന്റെയെല്ലാം ഭാഗമായി നല്ല രീതിയിലുള്ള അന്തരീക്ഷമാണ് പൊതുവെ ജയിലുകളിലുള്ളത്. അതിനെക്കുറിച്ച് തെറ്റായൊരു ചിത്രം വരച്ചുകാട്ടുംവിധമാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചത്. എല്ലാംകൊണ്ടും ഇവിടെ

പുതിയ കാര്യങ്ങളൊന്നും അദ്ദേഹം ഉന്നയിച്ചിട്ടില്ല. പണ്ടുമുതൽ പറയുന്ന ചില കാര്യങ്ങൾ ഒരാവർത്തികൂടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമേയല്ലെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളിടത്ത് തന്നെയാണ് ഞാൻ നിൽക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് രാമനാട്ടുകര സ്വർണ്ണ കള്ളക്കടത്ത് കേസും അതുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ഒരു വിഷയമല്ല, വിഷയദാരിദ്ര്യം കൊണ്ടാണ് പ്രതിപക്ഷം ഇത് അടിയന്തരപ്രമേയ നോട്ടീസായി സഭയിൽ കൊണ്ടുവന്നതെന്നാണ്. ഒരു സംഘം നിരന്തരമായി കിലോക്കണക്കിന് സ്വർണ്ണം കരിപ്പൂർ വിമാനത്താവളം വഴി ഇറക്കുമതി ചെയ്യുന്നു. ആ സ്വർണ്ണം വിതരണം ചെയ്യാൻ പോകുമ്പോൾ മറ്റൊരു സംഘം നിരവധി കാറുകളിലായിവന്ന് ഗുണ്ടകളുടെ ഭാഷയിൽ പറയുന്ന 'പൊട്ടിക്കൽ

ഓപ്പറേഷനിലൂടെ' ഈ സ്വർണ്ണം തട്ടിയെടുക്കാൻ വേണ്ടി ശ്രമിക്കുന്നു. വഴിവക്കിൽ നടക്കുന്ന കവർച്ചയാണ്, ഇതുമായി ബന്ധപ്പെട്ട് ഗുണ്ടാ സംഘങ്ങൾ ഏറ്റുമുട്ടുന്നു. അതിന്റെ പേരിൽ ആളുകളെ തട്ടിക്കൊണ്ടുപോകുന്നു. നിരന്തരമായി ഇത്തരം വിഷയങ്ങൾ നടക്കുമ്പോൾ നിയമസഭയിൽ ആ വിഷയം സ്വർണ്ണ കള്ളക്കടത്തെന്ന് പറയാൻ പാടില്ല. സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട വിഷയം നിയമസഭയിൽ അവതരിപ്പിക്കാതെ ഒരു നിവർത്തിയുമില്ലാതെ, ജീവിക്കാൻ വകയില്ലാതെ പുറത്തിറങ്ങുന്ന അത്താഴപട്ടിണിക്കാരനെ നിങ്ങളുടെ പോലീസ് പെറ്റിയടിക്കുന്നതാണോ ഈ നിയമസഭയിൽ കൊണ്ടുവരേണ്ടത്? ഇതുപോലെ ഗൗരവകരമായ പ്രശ്നം നിയമസഭയിൽ അവതരിപ്പിക്കണ്ടേ? ഈ വിഷയത്തിൽ തന്നെ ഒരാളെ തട്ടിക്കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച വിവരങ്ങൾ പുറത്തുവന്നില്ലേ? ഇവിടെ എന്താണ് വിഷയം? നിങ്ങൾ നിങ്ങളുടെ രാഷ്ട്രീയ എതിരാളികളെ കൊന്നൊടുക്കാൻ വേണ്ടി ഉപയോഗിച്ച ചില സംഘങ്ങൾ, നിങ്ങളുടെ പാർട്ടി ബന്ധം മറയാക്കി അവർ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളാണ് ഈ വിഷയങ്ങളുടെ പുറകിലുള്ളത്. അത് ഏഴാം ഷെഡ്യൂളിൽ പെട്ടതല്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ അത്

നിങ്ങളുടെ പാർട്ടിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. രാജ്യാന്തര ആസൂത്രണമുള്ള സ്വർണ്ണ കള്ളക്കടത്തുകളുടേയും തട്ടിക്കൊണ്ടുപോകലുകളുടേയും നേതൃത്വം പാർട്ടി ബന്ധങ്ങളിലുള്ള ആളുകളുടെ പേരുകളിലേയ്ക്ക് നീങ്ങുന്നുവെന്നതാണ് ഗൗരവകരമായ പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പേരുപറയാൻ മടിച്ച അർജ്ജുൻ ആയങ്കി ആരാണ്? നിങ്ങളുടെ പാർട്ടിക്കാരനല്ലേ; നിങ്ങളുടെ സൈബർ പോരാളിയല്ലേ? നിങ്ങളുടെ നേതാക്കന്മാരുടെ ഒപ്പം നിന്ന് ഫോട്ടോയെടുത്ത്, നിങ്ങളുടെ പാർട്ടിക്കാരായിട്ടുള്ള പ്രവർത്തകർ ആരാധനയോടുകൂടി, വീരപരിവേഷത്തോടുകൂടി, തലയിൽ ചുമന്ന് നടക്കുന്നവനല്ലേ അർജ്ജുൻ ആയങ്കി? ആരാണ് ആകാശ് തില്ലങ്കേരി? നിങ്ങളെ ഭീഷണിപ്പെടുത്തിയാൽ, എന്തെങ്കിലും പുറത്ത് പറഞ്ഞാൽ ഒറ്റരാത്രികൊണ്ട് ഒറ്റുകാരനാക്കുന്നത് അംഗീകരിക്കാനാകില്ല, എല്ലാം തുറന്ന് പറയേണ്ടി വരും. ഇത്രയും നാൾ അവർ ചെയ്ത കൊള്ളരുതായ്മകൾക്ക് കൂട്ട് നിന്നതിന്റേതാണ്. ഷുഹൈബ് വധക്കേസ്സിലെ പ്രതിയാണ്, ആരാണ് ഷുഹൈബിനെ കൊന്നത്? ഷുഹൈബിനെ കൊല്ലാൻ പറഞ്ഞുവിട്ട സംഘത്തിൽ അംഗമായിരുന്ന ആകാശ് തില്ലങ്കേരി, അവരെല്ലാം ഈ കേസ്സുകളിൽ ബന്ധപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി എങ്ങനെ അവരുടെ പേര് പറയും? അതുകൊണ്ടാണ് ഇവിടെ സി.പി.ഐ.യുടെ നേതാവ് ശ്രീ. സന്തോഷ് ലേഖനം എഴുതിയത്, ആ ലേഖനത്തിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പറയുന്നുണ്ട്, എന്താണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്, "അവർക്ക് അതുകൊണ്ടാണ് പാതാള താഴ്ചയുള്ള ഇവരുടെ വീരകൃത്യങ്ങളെ ആകാശത്തോളം വാഴ്ത്തിക്കൊണ്ട് മഹത്തായ തില്ലങ്കേരി സമരത്തിലെ നായകൻമാരുടെ ജന്മിത്വത്തിന് നേരെയുള്ള സമരങ്ങളുമായിപ്പോലും താരതമ്യം ചെയ്യാൻ ഇവർക്ക് കഴിയുന്നത്" നിങ്ങളുടെ അണികൾ ഇവർ ചെയ്യുന്ന വീരകൃത്യങ്ങളെ പഴയ ധീരന്മാരായ കമ്മ്യൂണിസ്റ്റുകാർ നടത്തിയ സമരത്തേയും ആ സമരനായകന്മാരുമായും താരതമ്യപ്പെടുത്തുകയാണ്. വീരപരിവേഷം നൽകുകയാണ്, ഹീറോ വർഷിപ്പാണ് ഈ ഗുണ്ടകൾക്ക് കൊടുക്കുന്നത്, എന്നിട്ട് അവരെ സംരക്ഷിക്കുന്നു. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചല്ലോ, ഈ കൊള്ള സംഘത്തിന്, ഈ തട്ടിപ്പറിക്കൽ സംഘത്തിന് എല്ലാ സംവിധാനവും ചെയ്തുകൊടുത്ത ഡി.വൈ.എഫ്.ഐ. മേഖലാ സെക്രട്ടറി സജേഷ് നിങ്ങളുടെ പാർട്ടിക്കാരനല്ലേ? ഇവിടെ വേറെ കേസ്സുണ്ടല്ലോ, വേറെ ഒരാൾ പരാതി കൊടുത്തല്ലോ, മറ്റൊരു

ഡി.വൈ.എഫ്.ഐ. മേഖലാ സെക്രട്ടറി സി. കെ. നിജേഷ്. ഡി.വൈ.എഫ്.ഐ.യുടെ മേഖലാ സെക്രട്ടറിമാരാണ് പൊട്ടിക്കൽ ഓപ്പറേഷന് നേതൃത്വം കൊടുക്കുന്നത്, ബിനാമികളായി നിൽക്കുന്നത്, അവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത്, എത്ര കേസ്സുകൾ പറയണം? ഇവിടെ നിരന്തരമായി അത്തരം കേസ്സുകളുണ്ട്. ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ ജയിലിൽ നിന്ന് ഈ കേസ്സിൽ ഇടപെട്ടതിന്റെ തെളിവുകളില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞു, ആകാശ് തില്ലങ്കേരിയെയും അർജ്ജുൻ ആയങ്കിയെയും പിടിച്ചതാരാണ്? കേരളാ പോലീസാണോ പിടിച്ചത്; കേരളാ പോലീസല്ല, അർജ്ജുൻ ആയങ്കിയെ പിടിച്ചത് കസ്റ്റംസ് ആണ്, സെക്ഷൻ 135 കസ്റ്റംസ് ആക്ട് അനുസരിച്ച് കേസെടുത്തത് കേരള പോലീസല്ല, കസ്റ്റംസ് ആണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. അർജ്ജുൻ ആയങ്കിയുടെ ജാമ്യാപേക്ഷയിൽ സി.ജെ.എം. കോടതി പറഞ്ഞത് എന്താണ്? “ The complicity of the petitioner is not confined to the smuggling activities” . കള്ളക്കടത്തുകേസ്സിൽ മാത്രം ഒതുങ്ങുന്നില്ല ഇയാളുടെ പരിപാടി. “ He maintained a gang that consists of convicts and

accused in murder cases named Kodi Suni, Shaffi and Akash Thillankeri. Their nexus with petitioner and involvement in gold smuggling are required to be seriously probed into” . ടി. പി. ചന്ദ്രശേഖരൻ കേസ്സിൽ ജയിലിൽ കിടക്കുന്ന കൊലപ്പുള്ളികളുമായി സ്വർണ്ണ കള്ളക്കടത്തുകേസ്സുമായി ബന്ധപ്പെട്ട പ്രതികൾക്ക് ബന്ധമുണ്ടെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ഇയാളുടെ ജാമ്യം തള്ളിക്കൊണ്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പറഞ്ഞാൽ അത് എഴാം ഷെഡ്യൂളിൽ പെട്ട കേസ്സാണോ? ജയിലുകളെല്ലാം ഇപ്പോൾ ഒ.കെ. ആണെന്ന് നിങ്ങൾ പറഞ്ഞു. ഡി.ജി.പി. സന്ദർശനം കഴിഞ്ഞപ്പോൾ നിങ്ങൾ എല്ലാം ഒ.കെ. ആക്കി വച്ചിരിക്കുന്ന ആ ജയിലിൽ ഇരുന്നുകൊണ്ട്, ആ ജയിലിൽ കിടക്കുന്ന കൊലപ്പുള്ളികൾ പുറത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നു, ക്വട്ടേഷൻ നടപ്പിലാക്കുന്നു, പരോളിൽ ഇറങ്ങുമ്പോൾ അതിന്റെ പണം സെറ്റിൽ ചെയ്യുന്നു, എന്നിട്ട് അവർ ബിസിനസ്സ് നടത്തുന്നു. ഇത്ര സൗകര്യം കൊലക്കേസ്സിലെ പ്രതികൾക്ക് നിങ്ങളുടെ ഭരണകാലത്തല്ലാതെ ഏതുകാലത്തുണ്ടായിട്ടുണ്ട്. എല്ലാ സൗകര്യങ്ങളും നിങ്ങൾ ചെയ്തുകൊടുക്കുകയാണ്. നിങ്ങൾ ഈ കേരളത്തിൽ കൊലയാളികൾക്കും

കൊലപ്പുള്ളികൾക്കും അക്രമികൾക്കും അഴിഞ്ഞാടാനുള്ള അവസരമാണ് ചെയ്തുകൊടുത്തിരിക്കുന്നത്. എന്നിട്ട് നിസ്സാരകാര്യമാണ്, വിഷയദാരിദ്ര്യം ആണെന്ന് പറയുന്നു. അദ്ദേഹം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെക്കുറിച്ച് വായ തുറന്നാൽ അബദ്ധം മാത്രമാണ് പറയുന്നതെന്ന രീതിയിൽ സംസാരിച്ചതുപോലെ തിരിച്ചും പറയാനൊക്കെ ഞങ്ങൾക്കും അറിയാം. പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്താൽ ഇങ്ങനെയൊന്നുമല്ല സംസാരിക്കേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വെറുതെ ഓട് തുളച്ച് വന്നതൊന്നുമല്ല. അദ്ദേഹം നിയമസഭാംഗമായിട്ട് വർഷം എത്രയായെന്ന് അറിയാമോ? അദ്ദേഹം സംസാരിക്കുമ്പോൾ ഒരു സീനിയർ അംഗം എന്നുള്ള മാന്യത നിലനിർത്തിവേണമായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കേണ്ടത്. ഇങ്ങനെയൊന്നും സംസാരിക്കാൻ പാടില്ലായിരുന്നു. ഇതൊക്കെ അതിനേക്കാൾ ഭംഗിയായി തിരിച്ച് പറയാൻ ഞങ്ങൾക്ക് നന്നായി അറിയാം. പക്ഷേ അങ്ങ് ഇരിക്കുന്ന സ്ഥാനത്തെ ബഹുമാനിച്ചുകൊണ്ട്, അങ്ങയുടെ പ്രായത്തെ ബഹുമാനിച്ചുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണനെ അപമാനിച്ചുകൊണ്ട് ഞാൻ എന്തുപറഞ്ഞെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്?

ശ്രീ. പി. ടി. തോമസ്: സർ, വായ തുറന്നാൽ അബദ്ധം മാത്രമെ പറയൂ എന്ന് പറയുന്നതിനേക്കാൾ കൂടുതൽ എന്ത് ആക്ഷേപമാണുള്ളത്?

ശ്രീ. പിണറായി വിജയൻ: അദ്ദേഹം പറഞ്ഞ അബദ്ധം എന്താണെന്നും ഞാൻ പറഞ്ഞു. നിങ്ങൾ തമ്മിലുള്ള മറ്റ് വഴക്കുകൾ തീർക്കാനുള്ള വേദിയായി ഇതിനെ മാറ്റരുത്, അതിന് കരുവായി എന്നെ ഉപയോഗിക്കുകയും ചെയ്യരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ തമ്മിൽ ഒരു വഴക്കുമില്ല. ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് ആരുകൊടുത്താലും ആ അംഗത്തിന്റെ മെക്കിട്ടുകയറുന്ന ഒരു ശീലം കുറച്ച് ദിവസമായുണ്ട്. ശ്രീ. റോജി. എം. ജോൺ അവതരിപ്പിച്ചപ്പോഴും അതിനടുത്ത ദിവസത്തെ അവതരണ വേളയിലും അങ്ങനെ ചെയ്തിട്ടുണ്ട്. അതൊന്നുംവേണ്ട, ഞങ്ങൾ നിയമസഭാ നടപടികളിൽ പങ്കെടുക്കുന്നത് വളരെ മാന്യമായാണ്. അംഗങ്ങളെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ട് സംസാരിക്കുന്നത് ആരായാലും ഞങ്ങൾ സമ്മതിക്കുകയില്ല.

മുമ്പും പല കേസുകളിലും പാർട്ടി ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ചിട്ടുണ്ടെന്നാണ് ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ വെളിപ്പെടുത്തൽ. ചെറുകിട ക്വട്ടേഷനുകൾക്കും സ്വർണ്ണക്കള്ളക്കടത്തിലെ 'പൊട്ടിക്കൽ ഓപ്പറേഷനുകൾക്കും' അപ്പുറം ഈ സംഘങ്ങൾ വളരുകയാണ്. സ്വർണ്ണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ വലിയ ക്രമസമാധാന പ്രശ്നമാണ് സൃഷ്ടിക്കുന്നത്. അത് കൈകാര്യം ചെയ്യേണ്ടത് സംസ്ഥാന പോലീസാണ്. ജയിലിനകത്തും പുറത്തും സർക്കാർ സ്പോൺസേർഡ് ക്രിമിനൽ സംഘങ്ങൾ കേരളത്തിൽ അഴിഞ്ഞാടുകയാണ്. ക്രിമിനലുകളെ ഭയന്നുജീവിക്കുന്ന പാർട്ടി നേതാക്കന്മാരാണുള്ളത്. അതിനുകാരണം രാഷ്ട്രീയ എതിരാളികളെ കൊല്ലാൻ അത്തരം ക്രിമിനലുകളെ നേരത്തേ അവർ ഉപയോഗിച്ചിട്ടുണ്ടെന്നതാണ്. അവർ കാര്യങ്ങളെന്തെങ്കിലും വെളിപ്പെടുത്തുമോ എന്ന ഭയം നിങ്ങൾക്കുണ്ട്. അവരെ തൊടാൻ പേടിക്കുന്ന സർക്കാരും പോലീസുമാണ് കേരളത്തിലുള്ളത്. കൊലക്കേസ് പ്രതികളെ സംരക്ഷിക്കാൻ സാധാരണക്കാരൻ നികുതിയടയ്ക്കുന്ന പണത്തിൽനിന്നും കോടിക്കണക്കിന് രൂപ നൽകി സുപ്രീംകോടതിയിൽനിന്നും അഭിഭാഷകരെ കൊണ്ടുവന്നില്ലേ;

കൊലപ്പുള്ളികളെ രക്ഷിക്കാൻ ഇങ്ങനെ ചെയ്യുമ്പോൾ ഗവൺമെന്റ് കൊടുക്കുന്ന സന്ദേശമെന്താണ്; ഞങ്ങൾക്കുവേണ്ടി കൊലപാതകം ചെയ്താൽ എന്തുവില കൊടുത്തും ഞങ്ങൾ ആ കൊലപ്പുള്ളിയെ രക്ഷിക്കുമെന്നല്ലേ; നിങ്ങൾ കോടിക്കണക്കിന് രൂപ കൊടുത്തത് സാധാരണക്കാരന്റെ പോക്കറ്റിൽനിന്നും എടുത്തല്ലേ. പ്രസ്തുത കേസിലെ ഒന്നാംപ്രതിയുടെ ഭാര്യയ്ക്ക് ഒന്നാം റാങ്കും രണ്ടാംപ്രതിയുടെ ഭാര്യയ്ക്ക് രണ്ടാം റാങ്കും മൂന്നാംപ്രതിയുടെ ഭാര്യയ്ക്ക് മൂന്നാം റാങ്കും നൽകി സർക്കാർ സർവ്വീസിലേയ്ക്ക് കൊണ്ടുവരുന്നു. ജയിലിൽ കൊലക്കേസ് പ്രതികൾക്ക് വി.ഐ.പി. സുഖപരിചരണം. അവിടേയ്ക്ക് ഫോണും മദ്യവും ലഹരിമരുന്നും ഇഷ്ടഭക്ഷണവും കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. ടി. പി. ചന്ദ്രശേഖരൻ കൊലക്കേസിലെ പ്രതികൾ താമസിക്കുന്ന സെൽ കൂടി എയർകണ്ടീഷൻ ചെയ്ത് ഫൈവ് സ്റ്റാർ ഹോട്ടലിന് സമാനമായി മാറ്റിക്കൊടുക്കൂ, ഇനി അതുമാത്രമാണ് ചെയ്യാനുള്ളത്. ഈ ഗവൺമെന്റിന്റെ മനോഭാവത്തെക്കുറിച്ച് ഇതുതന്നെയാണ് കോടതിയും ഇന്നലെ പറഞ്ഞത്. മരംമുറി കേസിൽ പാവപ്പെട്ട കർഷകർക്കും ആദിവാസികൾക്കുമെതിരെ കേസെടുത്തു. യഥാർത്ഥ പ്രതികൾ ഏതോ ഫൈവ് സ്റ്റാർ ഹോട്ടലിൽ സുഖമായി

താമസിക്കുകയാണ്. അവരെ ഇതുവരെ തൊട്ടിട്ടില്ല. നിലമേലിൽ ഒരു ഡോക്ടർക്കെതിരെ ഉപരോധം നടത്തിയതിനാൽ പഞ്ചായത്ത് പ്രസിഡന്റുൾപ്പെടെ അഞ്ചുവനിതകളടക്കം പത്തുപേരെ ജയിലിലാക്കി. അവരെല്ലാം യു.ഡി.എഫ്.കാരാണ്, കോൺഗ്രസുകാരാണ്. കൈനകരിയിൽ ചെയ്തതെന്താണ്? അവിടെ ഡോക്ടറുടെ കവിളത്തടിച്ച പഞ്ചായത്ത് പ്രസിഡന്റ് ഒരു പ്രശ്നവുമില്ലാതെ നിരത്തിലിറങ്ങി നടക്കുകയാണ്. അയാളെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടില്ല. കേരളത്തിലുള്ളത് കാട്ടുനീതിയാണോ? നിലമേൽ പഞ്ചായത്തിലെ ഉപരോധത്തിൽ അഞ്ചുവനിതകളെ ജയിലിലാക്കാൻ തയ്യാറായ പോലീസ് കൈനകരിയിൽ ഡോക്ടറുടെ കവിളത്തടിച്ച പഞ്ചായത്ത് പ്രസിഡന്റിനെ അറസ്റ്റ് ചെയ്തിട്ടില്ല, ഈ ഇരട്ട നീതി, കാട്ടുനീതി കേരളത്തിൽ വേണ്ട. പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനയ്ക്കെതിരായി യു.ഡി.എഫ്.-ലെ അഞ്ചുപേർ നിരന്നുനിന്നാൽ കേസെടുക്കും, എന്നാൽ അതേ പ്രശ്നത്തിനെതിരായി സി.പി.ഐ.(എം) -ലെ ഇരുപത്തഞ്ചുപേർ ഒരുമിച്ചുനിന്നാലും കേസെടുക്കില്ല. യു.ഡി.എഫ്.-കാർക്കെതിരെ കേരളം മുഴുവൻ വ്യാപകമായി കേസെടുക്കുകയാണ്. നിങ്ങൾ പോലീസിനെ അഴിച്ചുവിട്ടിരിക്കുകയാണോ? പോലീസിനെ കയറൂരി

വിട്ടിരിക്കുകയാണ്. ഇത്തരം നടപടികളിലൂടെ നിങ്ങൾ കൊടുക്കുന്ന സന്ദേശം സംസ്ഥാനത്ത് ആക്രമികൾ വളരുന്നതിനും അഴിഞ്ഞാടുന്നതിനും കാരണമാകുകയാണ്. പണ്ട് നിങ്ങൾ അവരെ ഉപയോഗിച്ചതുകൊണ്ട് കേരളത്തിൽ അവർ നടത്തുന്ന എല്ലാകാര്യങ്ങൾക്കും കുടപിടിച്ചുകൊടുക്കുകയാണ്. ഇവിടെ പ്രതിപാദിച്ച മരണത്തെപ്പറ്റി മുഖ്യമന്ത്രി പറഞ്ഞത്, വാഹനം പെട്ടെന്ന് വലത്തോട്ട് തിരിയുന്നു, അപ്പോൾ സ്പീഡിൽ വന്ന ബൈക്ക് ഇടിക്കുന്നുവെന്നാണ്. ഇത് വളരെ ബുദ്ധിപൂർവ്വം ചെയ്തതായിക്കൂടേ? സ്വർണ്ണക്കള്ളക്കടത്ത് കേസന്വേഷണത്തിന്റെ ഭാഗമായി മൊഴിയെടുക്കാൻ വിളിപ്പിച്ചയാളാണ് റമീസ്, അർജ്ജുൻ ആയങ്കി എയർപോർട്ടിൽ പോയപ്പോൾ റമീസ് ആ കാറിലുണ്ടായിരുന്നു. ഞാനൊരു ചെറിയ സംശയം ചോദിക്കട്ടെ, ആൾ ബൈക്കിൽ സ്പീഡിൽ വരുന്നത് കണ്ടുകൊണ്ട് വാഹനം വലതുവശത്തേയ്ക്ക് തിരിച്ചതാണെങ്കിലോ; എന്താണ്, അങ്ങനെയാകാൻ പാടില്ലേ? കൊലക്കേസാണോയെന്ന് പ്രതിപക്ഷം സംശയിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് ന്യായീകരണം കൊടുക്കണ്ട; നിങ്ങളുടെ പാർട്ടിക്കാരനൊന്നുമല്ലല്ലോ? ഇതുമായി ബന്ധപ്പെട്ടുതന്നെ മറ്റൊരാളെ തട്ടിക്കൊണ്ടുപോയ കേസുമുണ്ട്. കേസിലെ

നിർണ്ണായകമായ വിവരങ്ങൾ അറിയാവുന്ന, സ്വർണ്ണക്കടത്ത് സംഘത്തിൽപ്പെട്ട ഒരാളായിരുന്നു റമീസ്. കസ്റ്റംസിൽ മൊഴി കൊടുക്കാനിരിക്കെ അയാളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ഞങ്ങൾ പറയുന്നതിൽ എന്ത് തെറ്റാണുള്ളത്? അപ്പോൾ പോലീസ് പറഞ്ഞുകൊടുത്തതുപോലെ മുഖ്യമന്ത്രി ഇടിച്ച വാഹനത്തിന്റെ ആംഗിൾ പറയുകയാണ്. വാഹനം വലത്തോട്ട് തിരിച്ചപ്പോൾ കൊല്ലപ്പെട്ടയാൾ വന്നിടിച്ചതാണെന്നാണ്. കൊല്ലപ്പെട്ട റമീസ് സ്പീഡിൽ വരുന്നതുകണ്ട് ഇടിച്ച വാഹനം വലത്തോട്ട് തിരിച്ചതാണോയെന്ന ഞങ്ങളുടെ ചോദ്യത്തിന് മുഖ്യമന്ത്രി പറയുന്ന മറുപടിയെന്താണ്? ഇതെല്ലാം അന്വേഷിക്കണം. സ്വർണ്ണക്കള്ളക്കടത്ത് സംഘങ്ങൾ പരസ്പരം കൊലപാതകം നടത്തുകയും തട്ടിക്കൊണ്ടുപോകുകയും പണം അടിച്ചുമാറ്റുകയും ചെയ്യുകയാണ്. അത്രമാത്രം ഹീനമായ കുറ്റകൃത്യങ്ങൾ ചെയ്യാൻ മടിക്കാത്തവരാണ്. അവരെ സംരക്ഷിക്കുന്ന രീതിയിൽ, അവരുടെ പേരുപോലും നിയമസഭാ രേഖയിൽ വരരുതെന്ന് വിചാരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിലും അക്രമികളെ പ്രോത്സാഹിപ്പിക്കുന്ന അവർക്ക് കുടപിടിച്ചുകൊടുക്കുന്ന സർക്കാരിന്റെ നയത്തിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അടിയന്തരപ്രമേയത്തിന് കാരണമായ സംഭവം കുറച്ച് ദിവസങ്ങളായി നമ്മുടെ സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നുതന്നെയാണ്. ഇതിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങൾ ധാരാളമാണ്. കുറ്റകൃത്യത്തിൽ ജയിലിലായ വ്യക്തിക്ക് അവിടെയിരുന്നുകൊണ്ട് ഇത്രയും വലിയ ഒരു ഓപ്പറേഷൻ നിയന്ത്രിക്കാൻ കഴിയുന്നു, അതുപോലെതന്നെ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്ന പണം സമ്പാദിക്കാനായി ഈ ചാനൽ കുറേക്കാലമായി നിർബാധം പ്രവർത്തിക്കുന്നു, അതിലെ മുഖ്യസാക്ഷി കൊല്ലപ്പെടുന്നു. ഒരാൾ വളരെ സ്പീഡിൽ മോട്ടോർബൈക്കിൽ വരുമ്പോൾ റോഡിലുള്ള കാർ പെട്ടെന്ന് ബ്രേയ്ക്കിടുകയോ വലത്തോട്ട് തിരിക്കുകയോ ചെയ്യുന്നത് അയാളെ കൊല്ലാനുള്ള ഏറ്റവും നല്ല മാർഗ്ഗയല്ലേ? അതുമാത്രമല്ല, കൊന്നതല്ലെന്നും അങ്ങനെ പറയുന്നത് ഏറ്റവും വലിയ മണ്ടത്തരമാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് എന്തിനാണെന്നും എനിക്ക് മനസ്സിലായിട്ടില്ല. പോലീസ് കൊന്നതാണെന്ന് ഇവിടെ കേസില്ലല്ലോ, ഇവിടെ ഉന്നയിച്ച

കേസ് അയാളെ ആരോ കൊന്നുവെന്നാണ്. മറ്റാരോ കൊന്നതിനെപ്പറ്റി, അത് കൊലപാതകമല്ല എന്നുപറഞ്ഞ് ന്യായീകരിക്കേണ്ട കാര്യമെന്താണ്? സ്വർണ്ണക്കള്ളക്കടത്ത് കേസിലെ മുഖ്യസാക്ഷിയായ ഒരാൾ പെട്ടെന്ന് മരിച്ചതിൽ ദുരൂഹതയുണ്ടെന്ന് പറയുന്നത് തള്ളിക്കളയേണ്ടതല്ല. സ്വർണ്ണക്കടത്ത് നടത്തുകയും ആ പണം കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുകയും ജയിലിലിരുന്ന് ഇക്കാര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്യുകയാണ്. നമുക്കെല്ലാമറിയുന്നതുപോലെ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ വ്യക്തിയാണ് ജയിലിലിരുന്ന് ഈ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്. ഇതിലേറേ ഗൗരവമുള്ള വിഷയം മറ്റെന്താണുള്ളത്? ഇത്തരം സംഭവങ്ങൾ കുറേക്കാലമായി നടക്കുന്നു, ഇനിയും നടക്കും, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. സമൂഹത്തിൽ ഏറെ ചലനമുണ്ടാക്കിയതും 'നമ്മുടെ കമ്പനിയാണ്, പൊട്ടിക്കൽ' എന്നുതുടങ്ങി മലയാള ഭാഷയ്ക്ക് പുതിയ വാക്കുകൾ സംഭാവന ചെയ്തതും സമൂഹത്തിൽ അത്രയേറെ വേരോടിയതുമായ വിഷയമാണിത്. അതുകൊണ്ടുതന്നെ വളരെ ഗൗരവമേറിയ വിഷമാണെന്നതിൽ സംശയമില്ല. ഈ ഗവൺമെന്റ് രണ്ടാമതും അധികാരത്തിൽ വന്നത് നിങ്ങളെ സംബന്ധിച്ചിടത്തോളം വളരെ

അഭിമാനമുള്ള കാര്യമാണ്. പശ്ചിമബംഗാളിലെ ഗവൺമെന്റ് എത്രപ്രാവശ്യം അധികാരത്തിൽ വന്നതായിരുന്നു, അവസാനം അവിടെ ഒരു തേർവാഴ്ച അക്കാലത്ത് നടന്നുവെന്നത് വസ്തുതയല്ലേ? ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീമതി മമതാ ബാനർജിയെ റോഡിലിട്ട് തല്ലിച്ചതച്ചത് നമുക്കറിയാമല്ലോ. അവസാനം പശ്ചിമബംഗാളിലെ സ്ഥിതി എങ്ങനെയായിത്തീർന്നു, ഒരു സീറ്റുപോലുമില്ലാത്ത സ്ഥിതി സി.പി.ഐ.(എം)-ന് വന്നുചേർന്നു. ആ സ്ഥിതി ഇവിടെയും വരുന്ന രീതിയിൽ നിങ്ങളുടെ ഭരണം കൊണ്ടുപോകാതിരിക്കണം എന്നതാണ് ജനങ്ങളുടെ ആവശ്യം. കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ശ്രമിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്, അതല്ലാതെ എല്ലാവരെയും കയറൂരി വിടുന്ന ഒരു നയം നിങ്ങൾ സ്വീകരിക്കരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അത്തരത്തിൽ പോസിറ്റീവായ ഒരു നിലപാടെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, സ്വർണ്ണക്കടത്തുകാർ തമ്മിൽനടത്തുന്ന പോരാട്ടവും അതുസംബന്ധിച്ച കേസിലെ സാക്ഷികൾ ദുരൂഹ സാഹചര്യത്തിൽ മരിക്കുന്ന വിഷയവും ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)